## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 758** **11.07.2016-ൽ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിലെ പള്ളത്തൂർ പാലത്തിന്റെ പണി**

| ചോദ്യം | | മറുപടി | |
| --- | --- | --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി | |
| (എ) | കാസർഗോഡ് ജില്ലയിൽ പള്ളത്തൂർ പാലത്തിലൂടെ മഴക്കാലത്ത് വെള്ളം കവിഞ്ഞ് ഒഴുകി ഗതാഗതം തടസ്സപ്പെടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ മഴക്കാലത്ത് ഈ പാലത്തിലൂടെ യാത്രചെയ്ത ഒരു പോലീസുകാരൻ, മോട്ടോർ സൈക്കിൾ അടക്കം ഒഴുകിപ്പോയി മരണമടഞ്ഞ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | കൈവരിയില്ലാത്ത ഈ പാലം പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) & (ഡി) | പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണത്തിനുവേണ്ടി സാധ്യതാ പഠന റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിന്റെ DRIQ വിഭാഗത്തിന്റെ പരിഗണനയിലാണ്. അന്തിമ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയും. എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പാലം പുതുക്കി പണിയുന്നതിനുള്ള ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുവാൻ കഴിയും. |
| (ഡി) | പ്രസ്തുത പാലം പുതുക്കിപണിയുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ